01/12/21



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **CP No.217(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*5131/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| അഡ്വ. ആർ. പ്രശാന്ത്,<br>അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ബിൽഡിംഗ്,<br>വഞ്ചിയൂർ, തിരുവനന്തപുരം-695 035 | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ഇൻസ്പെക്ടർ സ്റ്റേഷൻ ഹൗസ് ഓഫീസർ,<br>മലയിൻകീഴ് പോലീസ് സ്റ്റേഷൻ,<br>തിരുവനന്തപുരം | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 30.01.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.02.2021 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 17.04.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 19.04.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.05.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 06.07.2021 |
| ഹിയറിംഗ് തീയതി | 29.10.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായില്ല |
| എതിർകക്ഷി | ഹാജരായി (പ്രതിനിധി) |

## ഉത്തരവ്

പരാതി ഹർജിക്കാരനായ അഡ്വ. ആർ. പ്രശാന്ത് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്ര

കാരം സമർപ്പിച്ച അപേക്ഷയിന്മേൽ യാതൊരു മറുപടിയും ലഭ്യമായിട്ടില്ലെന്നും ആയതിനാൽ കമ്മീഷൻ മറുപടി ലഭ്യമാക്കാൻ ഉചിതമായ നടപടി കൈക്കൊള്ളണമെന്നുമാണ്.

2. ഹർജിക്കാരൻ 30.01.2021 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 959/2020 ൽ 29.01.2021-ാം തീയതി ഗീത എന്ന സ്ത്രീയെ അറസ്റ്റ് ചെയ്യുന്ന സമയം ഉണ്ടായിരുന്ന രണ്ട് Respectable witnesses-ന്റെ പേരും മേൽവിലാസവും നൽകണമെന്നും ടി ഗീതയുടെ കൈവശത്തിൽ നിന്നും എടുത്തുകൊണ്ടുപോയ ബാഗിൽ നിന്നും കണ്ടെടുത്ത സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഉണ്ടായിരുന്ന സ്വതന്ത്ര സാക്ഷികളുടെ പേരും മേൽവിലാസവും നൽകണമെന്നും മറ്റുമായി 11 പ്രധാന ഇനങ്ങളിലും ഉപഇനങ്ങളിലുമായുള്ള വിവരങ്ങളാണ്. ടി അപേക്ഷയിന്മേൽ 26.02.2021 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ എല്ലാ വിവരങ്ങളും നൽകിയിട്ടുള്ളതായി കാണുന്നില്ല.

3. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 30.01.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി 26.02.2021 തീയതി മറുപടി നൽകിയതായി കാണുന്നു. എന്നാൽ വിവരങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല എന്നു ബോധ്യമാകുന്നു. 29.10.2021 തീയതി കമ്മീഷൻ നടത്തിയ ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജിക്കാരന് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം അറിയിക്കുകയോ ചെയ്തിട്ടില്ല. ഹിയറിംഗിൽ പങ്കെടുത്ത എതിർകക്ഷി (പ്രതിനിധി) സബ് ഇൻസ്പെക്ടർ ശ്രീ. രാജേഷ് ആർ. മൊഴി നൽകിയത്, ടിയാൻ ആവശ്യപ്പെട്ട കേസ് കോടതിയിൽ പരിഗണനയിൽ ആയിരുന്നുവെന്നും ക്രൈം നം. 959/2020 കേസ് ചാർജ് ചെയ്തു കോടതിയിൽ നൽകി അന്വേഷണങ്ങൾ പൂർത്തിയാക്കി യിട്ടുണ്ടെന്നാണ്. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിനൊപ്പം ഹർജികക്ഷിക്ക് നൽകിയ രേഖകളുടെ കോപ്പി ഉള്ളടക്കം ചെയ്തതായി കാണുന്നു. എതിർകക്ഷിയുടെ ഭാഗത്തു നിന്നും മന:പൂർവ്വമായ വീഴ്ച വന്നിട്ടുള്ളതായി കമ്മീഷൻ

കാണുന്നില്ല. എങ്കിലും ഹർജികക്ഷി തനിക്കു വിവരങ്ങൾ ലഭിച്ചിട്ടില്ല എന്നറിയിച്ച സാഹചര്യത്തിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമായി ഒരിക്കൽകൂടി എതിർകക്ഷി ഹർജികക്ഷിക്ക് സൗജന്യമായി അയച്ചു നൽകേണ്ടതാണ് എന്നു കമ്മീഷൻ ഉത്തരവാകുന്നു.

4. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 05-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp